**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2366** **12-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാർ നിർത്തലാക്കിയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ നിർത്തലാക്കിയ പദ്ധതികളിൽ ഏതെങ്കിലും പദ്ധതി സംസ്ഥാനത്തിന്റെ താല്പര്യാർത്ഥം 50:50 അനുപാതത്തിൽ 2016 ന് ശേഷം പുനരാരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണ്; വിശദാംശം നൽകുമോ? | (എ) | കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനു ശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ, കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ Assistance to States for Infrastructure Development for Exports (ASIDE), Backward Regions Grant Fund (District Component (ACA), Rajiv Gandhi Panchayat Sashastrikaran Yojana , Backward Regions Grant Fund (BRGF) (State Component), National Scheme for Modernization of Police and other forces, Scheme for setting up of 6000 Model Schools at Block level as Benchmark of Excellence എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളെയാണ് കേന്ദ്ര സഹായത്തിൽ നിന്നും ഒഴിവാക്കുകയും സംസ്ഥാനത്തിന് വേണമെങ്കിൽ സ്വന്തം നിലയ്ക്ക് പണം കണ്ടെത്തിക്കൊണ്ട് നടപ്പിലാക്കാമെന്നും കേന്ദ്രസർക്കാർ തീരുമാനിച്ചത്. മേൽ പറഞ്ഞ പദ്ധതികളിൽ National Scheme for Modernization of Police and other forces ഇപ്പോഴും കേന്ദ്രാവിഷ്കൃത പദ്ധതിയായിത്തന്നെ നിലനിർത്തിയിട്ടുണ്ട്. Assistance to States for Infrastructure Development for Exports (ASIDE), 2015-16 മുതൽ പൂർണ്ണമായും സംസ്ഥാന സഹായത്തോടെ നടപ്പിലാക്കി വരുന്നു. Rajiv Gandhi Panchayat Sashastrikaran Yojana എന്ന പദ്ധതി 2015-16, 2016-17 വർഷങ്ങളിൽ പൂർണ്ണമായും സംസ്ഥാന സഹായത്തോടെയും 2017-18 വർഷം മുതൽ 'രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ' എന്ന പേരിൽ 60% കേന്ദ്ര സഹായത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായും നടപ്പിലാക്കി വരുന്നു. മറ്റു പദ്ധതികൾ സംസ്ഥാനത്തിൽ നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ